LIBRARY ARCHIVES Kerala Legislative Assembly

സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിനോട് ധനകാര്യ വകുപ്പ് യോജിപ്പ് പ്രകടിപ്പിച്ചിട്ടില്ല. കൂടാതെ 19-4-2013-ൽ പൊതുഭരണ വകുപ്പിൽനിന്നും ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായി ബൈന്റർ തസ്തികയിലേക്ക് നിയമിക്കപ്പെട്ട ഒരാളിന് 18-1-2014-ലും തുടർന്ന് 31-1-2015-ലും ഓരോ വർഷത്തേയ്ക്കുകൂടി നിയമനം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. മറ്റുവകുപ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ

38(38) ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിലും മറ്റും വിവിധ കാരണങ്ങളാൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളുടെ കണക്കുകൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 32662 വാഹനങ്ങൾ.

(ബി) സ്വീകരിച്ചുവരുന്നു.

## ജനസമ്പർക്ക പരിപാടി

39 (39) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഹു. മുഖ്യമന്ത്രി എത്ര ജനസമ്പർക്ക പരിപാടികൾ നടത്തിയിട്ടുണ്ട് ;

(ബി) ഓരോ ജില്ലയിലും ലഭിച്ച പരാതികൾ എത്ര ; ആയതിൽ എത്ര എണ്ണത്തിൽ തീർപ്പായിട്ടുണ്ട് ;

(സി) ഇനിയും എത്ര പരാതികൾ തീർപ്പാക്കാനുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂന്ന് ജനസമ്പർക്ക പരിപാടികൾ നടത്തിയിട്ടുണ്ട്.

(ബി &സി) അനുബന്ധമായി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.